83 (1532) കെ.എസ്.ആർ.ടി.സി. വാങ്ങിയ പുതിയ ബസുകൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ കെ.എസ്.ആർ.ടി.സി. പുതിയ ബസുകൾ വാങ്ങുന്നതിന് എത്ര രൂപ വകകൊള്ളിച്ചിരുന്നു;

(ബി) ഇതുപയോഗിച്ച് എത്ര പുതിയ ബസുകൾ വാങ്ങി;

(സി) ഈ ഇനത്തിൽ 31.3.99 വരെ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

84 (1533) കെ.എസ്.ആർ.ടി.സി. യുടെ കാര്യക്ഷമത

ശ്രീ. എം. ദാസൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രാക്ലേശം പരിഹരിക്കുന്നതിനും കെ.എസ്.ആർ.ടി.സി. യുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പഴയ ബസുകൾ മാറ്റി പുതിയ ബസുകൾ നിരത്തിലിറക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) സ്പെയർപാർട്ടുകളുടെ അഭാവംമൂലം ഷെഡ്യൂളുകൾ റദ്ദ് ചെയ്യേണ്ടിവരുന്നുണ്ടോ;

(ഇ) സ്പെയർപാർട്ടുകളുടെയും ടയറുകളുടെയും അഭാവംമൂലം സംസ്ഥാനത്തെ വിവിധ ഡിപ്പോകളിൽ കട്ടപ്പുറത്ത് എത്ര ബസുകൾ ഉണ്ടെന്ന് അറിയിക്കുമോ;

(എഫ്)മുൻ ഗവണ്മെന്റിന്റെ കാലത്ത് നിർത്തലാക്കിയ സർവീസുകൾ പുനരാരംഭിക്കുന്നതിനും പൂട്ടിയ ഡിപ്പോകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) വാഹനങ്ങളുടെയും ജീവനക്കാരുടെയും അപര്യാപ്തതമൂലം യാത്രാക്ലേശം പൂർണ്ണമായി പരിഹരിക്കാൻ കെ.എസ്.ആർ.ടി.സി. ക്ക് കഴിയുന്നില്ല. എങ്കിലും യാത്രാക്ലേശം ലഘൂകരിക്കുന്നതിനായി ദേശസാൽകൃതമേഖലയിലേയും യാത്രക്കാരുടെ തിരക്ക് കൂടുതലുള്ളതും വരുമാനം കൂടുതലുള്ളതുമായ റൂട്ടുകൾക്ക് മുൻഗണന നൽകി പരമാവധി സർവീസുകൾ ഓപ്പ

LIBRARY ARCHIVES Kerala Legislative Assembly

റേറ്റ് ചെയ്യാൻ നടപടികളെടുത്തിട്ടുണ്ട്. വരുമാന ചോർച്ച തടയുന്നതിനും കൃത്യത പാലിക്കുന്നത് ഉറപ്പുവരുത്തുന്നതിനും പ്രത്യേക ശ്രദ്ധ പതിപ്പിക്കാൻ ലൈൻ ഇൻസ്പെക്ഷൻ വിഭാഗത്തിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ദീർഘദൂര സർവ്വീസുകൾ കൃത്യനിഷ്ഠയോടും കാര്യക്ഷമമായും ഓപ്പറേറ്റ് ചെയ്യുന്നതിനായി പുതിയ ബസുകൾ കൂടുതലായി ഇത്തരം സർവീസുകൾക്കായി വിനിയോഗിക്കുന്നതാണ്. നാഷണൽ ഹൈവേ, എം.സി. റോഡ് എന്നിവയിലൂടെ ദീർഘദൂര സർവീസുകൾ കൂടുതലായി ഏർപ്പെടുത്തുന്നതാണ്. കണ്ണൂർ-കാസർഗോഡ്, കോട്ടയം-കുമിളി-പാലക്കാട്-തൃശൂർ-കായംകുളം-പുനലൂർ-കുളത്തൂപ്പുഴ എന്നീ ദേശസാൽകൃത മേഖലകളിൽ സ്വകാര്യ സർവീസുകളെ പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് സർവ്വീസുകൾ നടത്തുന്നതാണ്. മോട്ടോർ വാഹന നിയമത്തിനനുസൃതമായി സൂപ്പർ ഡീലക്സ്, ഡീലക്സ് തുടങ്ങിയ ഉയർന്നതരം സർവ്വീസുകൾക്ക് രണ്ടു വർഷത്തിലധികം പഴക്കമില്ലാത്ത വാഹനങ്ങൾ മാത്രമേ വിനിയോഗിക്കുകയുള്ളൂ. അതുപോലെ സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ് എന്നീ സർവ്വീസുകൾക്ക് മൂന്നു കൊല്ലത്തിനപ്പുറം പഴക്കമുള്ളതും ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾക്ക് 5 കൊല്ലത്തിലധികം പഴക്കമുള്ളതുമായ വാഹനങ്ങൾ വിനിയോഗിക്കുന്നതല്ല. നിലവിലുള്ള സർവ്വീസുകൾ കാര്യക്ഷമമായി ഓപ്പറേറ്റ് ചെയ്യുന്നതിനായി നിയന്ത്രിതമായ രീതിയിൽ മാത്രമേ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നുള്ളൂ. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസുകൾ എ, ബി, സി, ഡി വിഭാഗങ്ങളിലായി തരംതിരിച്ചിട്ടുണ്ട്. കൂടുതൽ വരുമാനം ലഭിക്കുന്ന എ, ബി വിഭാഗത്തിൽപ്പെട്ട സർവ്വീസുകൾ മുടക്കം കൂടാതെ ഓപ്പറേറ്റ് ചെയ്യാൻ നടപടികളെടുത്തിട്ടുണ്ട്.

(ബി) പുതിയ ബസുകളുടെ ലഭ്യതയനുസരിച്ച് പഴയവ നിരത്തിൽ നിന്നും പിൻവലിച്ച് പുതിയ ബസുകൾ നിരത്തിൽ ഇറക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) ഈ സാമ്പത്തികവർഷം 1000 ബസുകൾ നിരത്തിലിറക്കുവാൻ ഉദ്ദേശിക്കുന്നു. സാമ്പത്തിക ലഭ്യതയനുസരിച്ച് ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) സ്പെയർപാർട്ടിന്റെ അഭാവംമൂലവും സി.എഫ്. ടെസ്റ്റിന്റെ ആവശ്യത്തിനായും സംസ്ഥാനത്താകമാനം 350 ഓളം ബസുകൾ വർക്ക്ഷാപ്പുകളിൽ നിർത്തിയിട്ടിരിക്കുന്നു.

(എഫ്) മുൻ ഗവണ്മെന്റിന്റെ കാലത്ത് വരുമാനം തീരെ കുറവാണെന്ന കാരണത്താൽ നിർത്തലാക്കിയ സർവീസുകൾ പുനരാരംഭിച്ചിട്ടില്ല. എന്നാൽ പുനഃക്രമീകരണം നടത്തി വരുമാനം കൂടുതൽ ലഭിക്കുന്ന തരത്തിൽ ഓപ്പറേറ്റ് ചെയ്യാൻ നടപടികളെടുത്തിട്ടുണ്ട്. പൂട്ടിയ ഡിപ്പോകൾ എല്ലാംതന്നെ തുറന്നു പ്രവർത്തിപ്പിക്കുന്നുണ്ട്.

85 (1534) ബസ് ടിക്കറ്റ് പ്രിന്റ് ചെയ്ത പ്രസുകൾ

ശ്രീ. കെ. അച്ചുതൻ :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly